ഉത്തരം

(എ&ബി) കൃഷിവകുപ്പിന്റെകീഴിലുള്ള നിർവ്വഹണ ഏജൻസികളിലൊന്നും ഇത്തരത്തിൽ നിർദ്ദേശം ലഭിച്ചതായി കാണുന്നില്ല എന്നാൽ കാഞ്ഞങ്ങാട് മണ്ഡലത്തിൽ ബളാൽ ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ട 600 ഹെക്ടർ പ്രദേശത്ത് കരണം-മാങ്കയം (വെള്ളരിക്കുണ്ട്) വാട്ടർ ഷെഡ് പദ്ധതിയ്ക്ക് RIDF XX-ൽ ഉൾപ്പെടുത്തി 195 ലക്ഷം രൂപയുടെ ഭരണാനുമതി മണ്ണ് പര്യവേഷണ സംരക്ഷണ വകുപ്പിന് നൽകിയിട്ടുണ്ട്.

മട്ടുപ്പാവ് കൃഷി

128 (2761) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഗരങ്ങളിലും ഗ്രാമങ്ങളിലും ജൈവകൃഷിയുമായി ബന്ധപ്പെടുത്തി മട്ടുപ്പാവ് കൃഷിക്ക് പുതിയ രൂപരേഖ തയ്യാറാക്കുമോ ;

(ബി) ഇതിലേക്കായി തുടർച്ചയായി മേൽനോട്ടത്തിന് കൃഷിഭവനുകൾക്ക് കീഴിൽ കൂടുതൽ കൃഷി അസിസ്റ്റന്റുമാരെ നിയമിക്കുമോ ?

ഉത്തരം

(എ) മട്ടുപ്പാവിലെ ജൈവ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 2000 രൂപ വിലയുള്ള 28334 ഗ്രോബാഗ് യൂണിറ്റുകൾ 500 രൂപയ്ക്ക് (75 ശതമാനം സബ്സിഡി നിരക്കിൽ) മട്ടുപ്പാവ് കൃഷിക്കായി വിതരണം ചെയ്യുന്നു. ഇതിനായി 425 ലക്ഷം രൂപയും മുൻവർഷങ്ങളിൽ വിതരണം ചെയ്ത. ഗ്രോബാഗുകളുടെ ആവർത്തന ചെലവുകൾക്കായി 100 ലക്ഷം രൂപയും നടപ്പുവർഷത്തെ പദ്ധതിയിൽ വകയിരുത്തിയിരിക്കുന്നു. ഒരു യൂണിറ്റിൽ 25 ഗ്രോബാഗുകളാണ് ഉണ്ടാവുക.

(ബി) മട്ടുപ്പാവ് കൃഷി, സ്ഥാപനങ്ങളിലെ കൃഷി, വീട്ടുവളപ്പിലെ കൃഷി എന്നീ പദ്ധതി ഘടകങ്ങളുടെ തുടർച്ചയായ മേൽനോട്ടത്തിനായി കരാർ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് 102 ഫീൽഡ് അസിസ്റ്റന്റുമാരെ നിയമിക്കുവാനുള്ള ഉത്തരവ് നൽകി ക്കഴിഞ്ഞു.

കോലിയക്കോട് ഏലായിലെ നെൽകൃഷി

129 (2762) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) പാപ്പനംകോട് നേമം നിയോജകമണ്ഡലത്തിലെ കോലിയക്കോട് ഏലായിൽ നെൽകൃഷിയുടെ വ്യാപ്തി വർദ്ധിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ ;

(ബി) കഴിഞ്ഞ സീസണിനെക്കാൾ എത്ര കൂടുതൽ വിസ്തൃതിയിലേക്ക് നെൽകൃഷി വ്യാപിപ്പിക്കാൻ ഈ സീസണിൽ സാധിച്ചിട്ടുണ്ട് എന്നും ഇല്ലെങ്കിൽ എന്തുകൊണ്ട് എന്നും വിശദമാക്കാമോ ?

ഉത്തരം

(എ) പാപ്പനംകോട് നേമം നിയോജകമണ്ഡലത്തിലെ കോലിയക്കോട് പാടശേഖരത്തിൽ 2014-15 സാമ്പത്തിക വർഷത്തിൽ ആത്മ ഡിസ്ട്രിക്ട് സ്പെസിഫിക് ആക്ടിവിറ്റി പ്രകാരം 7.5 ഹെക്ടർ സ്ഥലത്ത് വിരിപ്പ് മുണ്ടകൻ തരിശ്നില നെൽകൃഷി ചെയ്യുന്നതിനായുള്ള പ്രോജക്ട് പ്രകാരം 12.529 ലക്ഷം രൂപ ധനസഹായം തിരുവനന്തപുരം ജില്ലയിലെ ആത്മ പ്രോജക്ട് ഡയറക്ടർക്ക് കൃഷി ഡയറക്ടർ നൽകിയിട്ടുണ്ട്.

(ബി) 2014-15-ൽ കോലിയക്കോട് പാടശേഖരത്തിൽ തരിശ്നില നെൽ കൃഷിയായി ഒന്നാം വിളയിൽ (വിരിപ്പ്) 5.58 ഹെക്ടറിലും രണ്ടാം വിളയിൽ 4.572 ഹെക്ടറും കൃഷി ചെയ്തിട്ടുണ്ട്. 2015-16-വർഷത്തെ വിരിപ്പ് (ഒന്നാം വിള) സീസണിൽ നെൽകൃഷി വ്യാപിപ്പിക്കുവാൻ സാധിച്ചിട്ടില്ല. കാരണം കഴിഞ്ഞ വർഷം കാലാവസ്ഥയിലുണ്ടായ വ്യതിയാനംമൂലം കൃഷി നാശം ഉണ്ടായതുകൊണ്ട് ചില കർഷകർ കൃഷി ചെയ്യാൻ വിസമ്മതിക്കുകയുണ്ടായി. എന്നാൽ ഇനിവരുന്ന മുണ്ടകൻ സീസണിൽ മുമ്പ് ചെയ്ത 4.57 ഹെക്ടറിനെക്കാളും 2 ഹെക്ടർ അധികം സ്ഥലത്ത് കൃഷി ചെയ്യാൻ കർഷകരും പാടശേഖര സമിതിയും തീരുമാനിച്ചിട്ടുണ്ട്.

ജൈവകാർഷിക മണ്ഡലം പദ്ധതി

130 (2763) ശ്രീ. എം. എ. വാഹീദ് :
ശ്രീ. പി. എ. മാധവൻ :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തെ സമ്പൂർണ്ണ കാർഷിക സംസ്ഥാനമാക്കുവാനായി ജൈവ കാർഷിക മണ്ഡലം എന്ന പദ്ധതി കൃഷിവകുപ്പ് ആവിഷ്കരിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly